**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **07-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി ടാറ്റ ട്രസ്റ്റ് ഗവണ്മെന്റ് ആശുപത്രിയിൽ നിന്നും ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -3, അസിസ്റ്റന്റ് സർജൻ-2, നഴ്സിംഗ് സൂപ്രണ്ട് -1, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-8, ലാബ് ടെക്നീഷ്യൻ-2, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ-1, ഫാർമസിസ്റ്റ്-2, നഴ്സിംഗ് അസിസ്റ്റന്റ്-6, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-8, ഇലക്ട്രീഷ്യൻ (എംപ്ലോയ്മെന്റ്) -1 എന്നീ തസ്തികകളിലെ ജീവനക്കാരെ ജോലിക്രമീകരണാടിസ്ഥാനത്തിൽ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.<br><br>ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചെലവുകൾ വഹിക്കുന്നതിനും കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊജക്റ്റ് വഴി ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നാളിതുവരെ സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സൂപ്രണ്ട് -1<br><br>ക്ലർക്ക്-2<br><br>ഓഫീസ് അറ്റൻഡന്റ് -1<br><br>നഴ്സിംഗ് ഓഫീസർ-7<br><br>ഫാർമസിസ്റ്റ്-2 |
| (സി) | പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ വിഭാഗങ്ങളിൽ എന്തെല്ലാം സേവനങ്ങൾ നിലവിൽ നല്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഒ.പി ഗൈനക്കോളജി, പീഡിയാട്രിക്സ് ഒ പി എന്നിവ തിങ്കൾ മുതൽ ശനി വരെയും, അത്യാഹിത വിഭാഗം 24 മണിക്കൂറും, ലാബ് സേവനം രാവിലെ 8 മണി മുതൽ |

| | | | |
|---|---|---|---|
| | | | ഉച്ചയ്ക്ക് ശേഷം 2 മണി വരെയും, ഫാർമസി 8 മണി മുതൽ 6 മണി വരെയും, കുട്ടികളുടെയും ഗർഭിണികളുടെയും അഡ്മിഷൻ, പ്രസവം, സിസേറിയൻ എന്നീ സേവനങ്ങളാണ് നിലവിൽ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ